# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5542

06/07/2012 - ൽ മറുപടിക്ക്.

## സംസ്ഥാന ജലപാതയും വടകര - മാഹി കനാലും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ.ലതിക | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര - മാഹി കനാൽ നിർമ്മാണ ത്തിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ ; നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | : | (എ) വടകര - മാഹി കനാലിന്റെ തുടക്കത്തിലെ 3 കി.മീ. പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. ആയതിനു ഭരണാനുമതിയും നൽകിയി ട്ടുണ്ട്. ഇതിന്റെ നിർമ്മാണം ഈ വർഷം അവസാനത്തോടെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) കാസർഗോഡ് മുതൽ തിരുവനന്ത പുരം വരെയുള്ള സംസ്ഥാന ജലപാത യുടെ നിർമ്മാണം എത്ര ദൂരം പൂർത്തിയാ ക്കിട്ടുണ്ടെന്നും ഇനി എത്ര ദൂരം പൂർത്തി യാക്കാനുണ്ടെന്നും ഏതെല്ലാം ഭാഗങ്ങളി ലാണ് നിർമ്മാണം പൂർത്തിയാക്കാനുള്ള തെന്നും വ്യക്തമാക്കുമോ ; | : | (ബി) കാസർഗോഡ്-തിരുവനന്തപുരം ജലപാത യുടെ നീളം 590 കി.മീ. ആണ്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതയാണ്. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള 74 കി.മീറ്ററിൽ 11 കി.മീ. മാത്രമേ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളൂ. കോവളം മുതൽ ആക്കുളം, വേളി മുതൽ കഠിനംകുളം, കഠിനംകുളം മുതൽ അഞ്ചുതെങ്ങ്, അഞ്ചുതെങ്ങ് മുതൽ നടയറക്കായൽ, ഇരവിപുരം മുതൽ അഷ്ടമുടിക്കായൽ എന്നിവിടങ്ങളിലെ പണികൾ പൂർത്തിയാക്കാനുണ്ട്.<br><br>കൂടാതെ കോട്ടപ്പുറം-വടകര (208 കി.മീ.), വടകര-മാഹി (17.61 കി.മീ.) മാഹി-വളപട്ടണം (56.00 കി.മീ.), വളപട്ടണം-നീലേശ്വരം (66.75 കി.മീ.) എന്നിങ്ങനെയാണ് കനാൽ സ്ഥിതി ചെയ്യുന്നത്. ഇതിൽ വടകര-മാഹി, മാഹി-വളപട്ടണം (30 കി.മീ.) എന്നിവ പുതിയ തായി നിർമ്മിക്കേണ്ട കനാലാണ്. ബാക്കി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. വളപട്ടണം-നീലേശ്വരം (66.75 കി.മീ.) പൂർണ്ണമായും സഞ്ചാര യോഗ്യമാണ്. കോട്ടപ്പുറം-വടകര കനാൽ നിലവിലുണ്ടെങ്കിലും പൂർണ്ണമായും സഞ്ചാര യോഗ്യമല്ല. |

(സി) സംസ്ഥാന ജലപാതയുടെ നിർമ്മാണത്തിന് മൊത്തം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ഭാഗങ്ങളിലാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ?

: (സി) സംസ്ഥാന ജലപാതയ്ക്കായി 13-ാം ധനകാര്യ കമ്മീഷൻ 100 കോടി രൂപയും നബാർഡ് 27.50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ 12 കോടി രൂപയുടെയും പണികൾ പുരോഗമിച്ചു വരുന്നു.

പള്ളിത്തുറ-അഞ്ചുതെങ്ങ്, നടയറ-നടയറ കായൽ, കൊല്ലം തോട്, വെട്ടം-പൂരപ്പുഴ, പൂവത്തും കടവ് - അണ്ടത്തോട്, അണ്ടത്തോട്-പൊന്നാനി എന്നിവിടങ്ങളിലെ പണികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതും, നടന്നു വരുന്നതും. കൂടാതെ കന്നേറ്റികായൽ (കരുനാഗപ്പള്ളി) വടകര-മാഹി കനാലിന്റെ ആദ്യഭാഗം, എലത്തൂർ-കല്ലായി കനാൽ എന്നിവയുടെ പ്രവൃത്തികളും ഇതിൽപ്പെടുന്നു.

സെക്ഷൻ ഓഫീസർ